പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1743 16.02.2016-ന് മറുപടി നൽകേണ്ടത്

## മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചത് എന്നാണ്; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) | കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ 08.11.2012-ലാണ് പ്രവർത്തനം ആരംഭിച്ചത്. കേരള സംസ്ഥാനത്തിലെ സംവരണേതര സമുദായങ്ങളിലെ സാമ്പത്തിക മായി പിന്നാക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുകയെന്ന താണ് ലക്ഷ്യം. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ യാണ് വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന വിദ്യാസമുന്നതി, സംരംഭ സമുന്നതി, നൈപുണ്യ സമുന്നതി എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I - ആയി ചേർത്തിട്ടുണ്ട്. |
| (സി) | കോർപ്പറേഷൻ മുഖേന നടപ്പാക്കിയ വിവിധ പദ്ധതി കൾക്കായി നൽകിയ തുക യുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (സി) | കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. സംസ്ഥാനതലത്തിൽ ചിലവാക്കിയ തുകയും ഗുണഭോക്താക്കളുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II - ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | മുന്നോക്ക ജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠന ത്തിനായി സ്കോളർഷിപ്പുകൾ നൽകാൻ പദ്ധതി തയ്യാറാക്കി യിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. വിദ്യാസമുന്നതി പദ്ധതിയുടെ കീഴിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര സമുദായങ്ങളിലെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ബിരുദം, ബിരുദാനന്തര ബിരുദതലം, CA/ICWA/CS തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും, IIT/IIM/NIT തുടങ്ങിയ ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിൽ അധ്യയനം നടത്തുന്നവർക്കും സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് എത്ര തുക | (ഇ) | സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ ഉപരി പഠനത്തിനായി 2013-14 സാമ്പത്തികവർഷം |

| | | | |
|---|---|---|---|
| | ചെലവാക്കിയിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ: മുന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷന്റെ റീജിണൽ, ജില്ലാ ഓഫീസുകൾ എവിടയൊക്കെയാണ്; വിവിധ പദ്ധതികൾക്കായി അപേക്ഷ നൽകേണ്ടവർക്ക് അപേക്ഷാ ഫാറങ്ങളും മറ്റു വിശദാംശങ്ങളും എവിടെ നിന്നാണ് ലഭിക്കുന്നതെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | 3 കോടി രൂപയും, 2014-15 സാമ്പത്തികവർഷം 998.627 ലക്ഷം രൂപയും ചെലവഴിച്ചു. വിശദാംശങ്ങൾ അനുബന്ധം II -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് ജില്ലാതലത്തിലോ റീജിയണൽതലത്തിലോ ഓഫീസുകൾ ആരംഭിച്ചിട്ടില്ല. അപേക്ഷാഫാറങ്ങളും വിശദ വിവരങ്ങളും കോർപ്പറേഷന്റെ www.kswcfc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| | |
|---|---|
| വിദ്യാസമുന്നതി | **സ്കോളർഷിപ്പ്**<br>ഈ പദ്ധതിയുടെ കീഴിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര സമുദായങ്ങളിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ഹൈസ്കൂൾ തലം മുതൽ ബിരുദാനന്തര ബിരുദതലം വരെയും CA/ICWA/CS തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും IIT,IIM,NIT തുടങ്ങിയ ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിൽ അധ്യയനം നടത്തുന്നവർക്കും പ്രത്യേക സ്കോളർഷിപ്പുകൾ ലഭ്യമാക്കുന്നു. |
| | **മത്സര പരീക്ഷാപരിശീലനം**<br>ഈ പദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കളായ അപേക്ഷകർക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാപരിശീലന സഹായവും, തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് സിവിൽ സർവ്വീസസ്/ബാങ്ക് /പി.എസ്.സി തുടങ്ങിയ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം ലഭ്യമാക്കുന്നു. |
| സംരംഭ സമുന്നതി | സ്വയം തൊഴിൽ മേഖലയിൽ കേരളത്തിലുടനീളം പ്രവർത്തിക്കുന്ന സംവരണേതര സമുദായാംഗങ്ങൾ ഉൾപ്പെട്ട സ്വയം സഹായസംഘം/കൂട്ടുത്തരവാദിത്വ സംഘം (SHG/JLG) എന്നിവർക്ക് സംരംഭ സമുന്നതി പലിശസഹായ പദ്ധതിയുടെ കീഴിൽ ധനസഹായം നൽകുന്നു. |
| നൈപുണ്യ സമുന്നതി | തൊഴിൽരഹിതരായ യുവജനങ്ങളുടെ തൊഴിൽ പരമായ അഭിരുചി കണ്ടെത്തി നൈപുണ്യപരിശീലനം നൽകുന്ന പദ്ധതി. |
| ഡാറ്റാബാങ്ക് | സംസ്ഥാനത്തെ സംവരണേതര സമുദായാംഗങ്ങളുടെ സാമൂഹികാവസ്ഥ, തൊഴിൽ മേഖലകൾ, പൊതു ആരോഗ്യസ്ഥിതി, കുടുംബാംഗങ്ങൾ, പാർപ്പിടങ്ങളുടെ സ്ഥിതി , വിദ്യാഭ്യാസ യോഗ്യത , തൊഴിൽ മുൻഗണനകൾ തുടങ്ങിയ സമഗ്ര വിവര ശേഖരണം. |
| കാർഷിക, ചെറുകിട വ്യവസായ വായ്പാ-പലിശസഹായ പദ്ധതി | IDBI ബാങ്കുമായി സഹകരിച്ച് ചെറുകിട ഇടത്തര നാമമാത്ര വ്യവസായം (MSME), കൃഷി എന്നീ മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി 5% പലിശ സബ്സിഡി അടക്കമുള്ള വായ്പ ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - II

| സാമ്പത്തിക വർഷം (2013-14) | | ചെലവാക്കിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | സ്കോളർഷിപ്പ് | 300 ലക്ഷം | 3791 |
| 2 | മത്സര പരീക്ഷാപരിശീലനം | 100 ലക്ഷം | 1071 |
| 3 | ഡാറ്റാബാങ്ക് | 50 ലക്ഷം | ഓൺലൈൻ ഡാറ്റാബാങ്കിൽ ഏകദേശം ഒരു ലക്ഷത്തോളം ആളുകൾ ഇതിനോടകം രജിസ്റ്റർ ചെയ്തു കഴിഞ്ഞു. |

| സാമ്പത്തിക വർഷം (2014-15) | | ചെലവാക്കിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | സ്കോളർഷിപ്പ് | 998.627 ലക്ഷം | 25322 |
| 2 | മത്സര പരീക്ഷാ പരിശീലനം | 140 ലക്ഷം | 1513 |
| 3 | സംരംഭ സമുന്നതി പലിശ സഹായ പദ്ധതി | 201.37 ലക്ഷം | 2376 |
| 4 | നൈപുണ്യ സമുന്നതി | 50 ലക്ഷം | 761 |

| സാമ്പത്തിക വർഷം (2015-16) | | ചെലവാക്കിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | സംരംഭ സമുന്നതി പലിശ സഹായ പദ്ധതി | 200 ലക്ഷം | 1413 സംഘങ്ങൾ |
| 2 | സ്കോളർഷിപ്പ് | ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നു. | |
| 3 | മത്സരപരീക്ഷാപരിശീലനം | | |
| 4 | നൈപുണ്യ സമുന്നതി | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ